# എഡ്യുമേറ്റ്

## XII

# മലയാളം

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

State Council of Educational Research and Training (SCERT), Kerala
2017

*Prepared by:*
State Council of Educational
Research & Training (SCERT)
Poojappura, Thiruvananthapuram -12,
Kerala. E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2016

# ആമുഖം

പഠനപുരോഗതി മനസ്സിലാക്കാനും മെച്ചപ്പെടുത്താനും പഠനത്തോടൊപ്പം വിലയിരുത്തലും നടക്കേണ്ടതുണ്ട്. ആശയരൂപീകരണത്തിൽ എത്രത്തോളം മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെന്നും വിവിധ നൈപുണികൾ എത്രത്തോളം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും ഏതൊക്കെ മേഖലകളിലാണ് പ്രത്യേക അഭിരുചിയുള്ളതെന്നും തിരിച്ചറിയാൻ ഇത് സഹായകമാകുന്നു. പഠനപ്രവർത്തനങ്ങളൊടൊപ്പം നടത്തുന്ന നിരന്തര വിലയിരുത്തൽ ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. ഓരോ ഘട്ടത്തിലും കൈവരിച്ച പഠനനേട്ടങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താൻ ടേം മൂല്യനിർണയം സഹായിക്കുന്നു. അതിലേക്കുള്ള വഴികാട്ടിയായാണ് ഈ പുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്.

ആശംസകളോടെ,
**ഡോ. ജെ.പ്രസാദ്**

**ഡയറക്ടർ**

# ഉള്ളടക്കം

## മലയാളം

1. എഴുത്തകം
2. തനതിടം
3. ദർപ്പണം
4. മാധ്യമം

സാമ്പിൾ ചോദ്യപേപ്പറുകൾ

# 1

# എഴുത്തകം

**പഠനനേട്ടം:**

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

❓ താഴെക്കൊടുത്തിരിക്കുന്നവയിൽ മാന്ത്രികയാഥാർത്ഥ്യത്തിനു (മാജിക്കൽ റിയലിസം) ഏറ്റവും യോജിച്ച പ്രസ്താവന ഏതാണ്? (1)

- ജീവിതത്തെ യാഥാർത്ഥ്യമായി ചിത്രീകരിക്കുക
- മാനസികസംഭവങ്ങളെ യാഥാർത്ഥ്യമായി ആവിഷ്കരിക്കുക
- അസംഭാവ്യ കാര്യങ്ങളെ യാഥാർഥ്യം എന്ന മട്ടിൽ അവതരിപ്പിക്കുക
- യഥാർഥ്യത്തെ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കുക

■ **വിലയിരുത്തൽ സൂചകം:**

- യഥാർഥ്യത്തെ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കുക (1)

*(സ്കോർ 1)*

**പഠനനേട്ടം**

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

❓ മാർക്വെസിന് നോബൽ സമ്മാനം നേടിക്കൊടുത്ത കൃതി?

- പ്രകാശം ജലം പോലെയാണ്
- കോളറക്കാലത്തെ പ്രണയം
- ഏകാന്തതയുടെ നൂറുവർഷങ്ങൾ
- ജീവിക്കുന്നത് കഥ പറയാൻ (1)

■ **വിലയിരുത്തൽ സൂചകം:**

- ഏകാന്തതയുടെ നൂറുവർഷങ്ങൾ. (1)

*(സ്കോർ 1)*

**പഠനനേട്ടം**

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

❓ ‘കരിമൂർഖൻ വാലിൽ കിളരും പുരികം’ എന്ന പ്രയോഗത്തിലൂടെ പ്രകടമാവുന്ന ഭാവം?

- സന്തോഷം
- രോഷം
- നിരാശ
- നിസ്സംഗത (1)

■ **വിലയിരുത്തൽ സൂചകം:**

- രോഷം (1)

*(സ്കോർ 1)*

## പഠനനേട്ടം

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

❓ പ്രകാശത്തിൽ തുഴഞ്ഞുനടക്കുന്ന ശാസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിച്ചതെന്ത്? (1)

- സമുദ്ര സഞ്ചാരം
- ഭാവനകൊണ്ട് യാഥാർത്ഥ്യത്തെ മറികടക്കൽ
- ശാസ്ത്രപുരോഗതി,
- ജ്യോതിശാസ്ത്രം

■ **വിലയിരുത്തൽ സൂചകം**

- ഭാവനകൊണ്ട് യാഥാർത്ഥ്യത്തെ മറികടക്കൽ (1)

*(സ്കോർ 1)*

## പഠനനേട്ടം

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

❓ കിരാതവൃത്തം എന്ന കവിതയ്ക്ക് ഏത് കലാരൂപവുമായാണ് ബന്ധമുള്ളത്? (1)

- മുടിയേറ്റ്
- പടയണി
- തെയ്യം
- തിറ

■ **വിലയിരുത്തൽ സൂചകം:**

- പടയണി (1)

*(സ്കോർ 1)*

## പഠനനേട്ടം

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

❓ ശകുന്തളയെ പരഭൃതയെന്ന് ആക്ഷേപിക്കാൻ കാരണമെന്ത്? (1)

- നന്നായി പാടുന്നതിനാൽ
- കണ്വമഹർഷിയാൽ വളർത്തപ്പെട്ടതിനാൽ
- രാജാവിനെ വിവാഹം കഴിച്ചതിനാൽ
- കുയിലിനെപ്പോലെ പെരുമാറുന്നതിനാൽ

■ **വിലയിരുത്തൽ സൂചകം:**

- കണ്വമഹർഷിയാൽ വളർത്തപ്പെട്ടതിനാൽ. (1)

*(സ്കോർ 1)*

**പഠനനേട്ടം**

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

പണ്ഡിതൻമാർക്കുപോലുമുള്ള ദോഷമായി ശകുന്തള ചൂണ്ടിക്കാട്ടുന്നതെന്ത്? (1)

- സ്വന്തം ദോഷം കാണൽ
- മറ്റുള്ളവരുടെ ദോഷം മാത്രം കാണൽ
- കടുകിൻമണി കാണൽ
- ഗജമാത്രം ദോഷം കാണൽ

■ **വിലയിരുത്തൽ സൂചകം:**

- മറ്റുള്ളവരുടെ ദോഷം മാത്രം കാണൽ (1)

*(സ്കോർ 1)*

**പഠനനേട്ടം**

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

അരയന്നം വെള്ളം ഒഴിവാക്കി പാൽ മാത്രം കുടിക്കുന്നു- ഏതു കാര്യം സൂചിപ്പിക്കാനാണ് ഈ ഉദാഹരണം പറയുന്നത്? (1)

- നല്ലവർ നല്ലതുമാത്രം സ്വീകരിക്കും,
- നല്ലവർ ചീത്ത സ്വീകരിക്കും
- ദുർജ്ജനം നല്ലത്
- സ്വീകരിക്കും
- അരയന്നം നല്ലവരെ ഇഷ്ടപ്പെടും

■ **വിലയിരുത്തൽ സൂചകം:**

നല്ലവർ നല്ലതുമാത്രം സ്വീകരിക്കും (1)

*(സ്കോർ 1)*

**പഠനനേട്ടം**

രചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

വെട്ടുപോത്തിനോട് വേദമോതിയിട്ട് കാര്യമില്ല – ഈ ചൊല്ലുമായി യോജിക്കുന്ന വരികളേത്?

(1)

- കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം
  നന്നെന്നു നിരൂപിക്കുമെത്രയും വിരൂപൻമാർ
- മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ
  നിത്യവും സ്വച്ഛജലം തന്നിലെ കുളിച്ചാലും
- മൂർഖനാമവനോടു പണ്ഡിതൻ ശുഭാശുഭ-
  മാഖ്യാനം ചെയ്താൽ മൂർഖനശുഭം ഗ്രഹിച്ചീടും

- നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും വെള്ളത്തെ
  വെടിഞ്ഞു പാലന്നമെന്നതുപോലെ

■ **വിലയിരുത്തൽ സൂചകം:**

- മൂർഖനാമവനോടു പണ്ഡിതൻ ശുഭാശുഭ-
  മാഖ്യാനം ചെയ്താൽ മൂർഖനശുഭം ഗ്രഹിച്ചീടും (1)

*(സ്കോർ 1)*

**പഠനനേട്ടം**

കലാസാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരെ കൂടുതൽ മനസ്സിലാക്കി റിപ്പോർട്ടുകൾ തയാറാക്കുന്നു.

**ചേരുമ്പടി ചേർക്കുക** (5)

| | | |
|---|---|---|
| ദൈവദശകം | കടമ്മനിട്ട | ആശാൻ പ്രൈസ് |
| പച്ചവിരൽ | ശ്രീനാരായണഗുരു | ടെക്സാസ് യൂണിവേഴ്സിറ്റി |
| പെരുവഴിയമ്പലം | ഇ.സി.ജി സുദർശനൻ | അരുവിപ്പുറം |
| പത്മഭൂഷൺ | പത്മരാജൻ | ബാരൂൾഗ്രാമം |
| മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു | ദയാബായ് | രജതകമലം |

■ **വിലയിരുത്തൽ സൂചകം:**

| | | |
|---|---|---|
| ദൈവദശകം | ശ്രീനാരായണഗുരു | അരുവിപ്പുറം |
| പച്ചവിരൽ | ദയാബായ് | ബാരൂൾഗ്രാമം |
| പെരുവഴിയമ്പലം | പത്മരാജൻ | രജതകമലം |
| പത്മഭൂഷൺ | ഇ.സി.ജി സുദർശനൻ | ടെക്സാസ് യൂണിവേഴ്സിറ്റി |
| മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു | കടമ്മനിട്ട | ആശാൻ പ്രൈസ് |

*(സ്കോർ 5)*

**പഠനനേട്ടം:**

കവിതകളിലെ സാമൂഹിക - സാംസ്കാരിക തലങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.

? 'സുന്ദരി ശകുന്തള പിന്നെയുമുര ചെയ്താൾ
നിന്ദാവാണികൾ കേട്ടു മന്ദാക്ഷഭാവത്തോടും'

- ദുഷ്യന്തന്റെ നിന്ദാവാണികൾക്ക് ഉചിതമായ മറുപടിയാണ് ശകുന്തള നൽകിയത് എന്നു തോന്നുന്നുണ്ടോ? ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തമാക്കുക (4)

■ **വിലയിരുത്തൽ സൂചകം:**

- ആശയം ഉൾക്കൊണ്ടിട്ടുണ്ട് (2)
- ഉചിതമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട് (2)

*(സ്കോർ : 4, സമയം : 5 മിനിറ്റ്)*

**പഠനനേട്ടം:**

കവിതകളിലെ സാമൂഹിക-സാംസ്കാരിക തലങ്ങൾ വിശകലനംചെയ്ത് കുറിപ്പ് തയാറാക്കുന്നു.

'കണ്ണാടി കാൺമോളവും' എന്ന പാഠഭാഗത്തെ ലോകോക്തികളിൽ ഏതെങ്കിലുമൊന്നിന്റെ പ്രസക്തി പാഠസന്ദർഭവുമായി ചേർത്ത് പരിശോധിക്കുക. (4)

■ **വിലയിരുത്തൽ സൂചകം:**

- ലോകോക്തിയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- പ്രസക്തി എഴുതിയിട്ടുണ്ട്. (2)

*(സ്കോർ : 4, സമയം : 5 മിനിറ്റ്)*

**പഠനനേട്ടം:**

കഥ വിശകലനം ചെയ്ത് അർത്ഥതലങ്ങൾ കണ്ടെത്തുന്നു.

'ഏതെങ്കിലും കുറേ പടങ്ങൾ പോരേ? ഇന്നതു തന്നെ വേണമെന്ന് നിർബന്ധം പിടിക്കുന്നത് അത്ര ബുദ്ധിയാണോ?' കടക്കാരൻ ഇങ്ങനെ ചോദിക്കുന്നതിന്റെ പൊരുളെന്ത്? (4)

■ **വിലയിരുത്തൽ സൂചകം:**

- കഥയിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (3)
- ഉചിതമായ രീതിയിൽ ആവിഷ്കരിച്ചിട്ടുണ്ട് (1)

*(സ്കോർ : 4, സമയം : 5 മിനിറ്റ്)*

**പഠനനേട്ടം:**

കവിതയിലെ സാമൂഹിക-സാംസ്കാരിക തലങ്ങൾ വിശകലനംചെയ്ത് കുറിപ്പ് തയാറാക്കുന്നു

'കണ്ണാടി കാൺമോളവും' എന്ന കാവ്യഭാഗത്ത് ദുഷ്യന്തനെക്കാൾ ഒരുപടി ഉയരത്തിൽ നിൽക്കുന്ന കഥാപാത്രമാണ് ശകുന്തള.' ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക (5)

■ **വിലയിരുത്തൽ സൂചകം:**

- കവിതയിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- താരതമ്യം ചെയ്തിട്ടുണ്ട്. (2)
- ഭാഷാമികവ്. (1)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം:**

കവിതയിലെ സാമൂഹിക സാംസ്കാരിക തലങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

പെണ്ണുകാണാൻ പോകുമ്പോൾ

കണ്ണുമാത്രംപോരാ<br>
കണ്ണാടിയും കൂടെ കൊണ്ടുപോകണം.

(കുഞ്ഞുണ്ണി)

കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം<br>
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപൻമാർ.

ഇരു കാവ്യഭാഗങ്ങളിലെയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക (5)

■ **വിലയിരുത്തൽ സൂചകം:**

- ഇരു കവിതകളിലെയും ആശയങ്ങൾ ഗ്രഹിച്ചിട്ടുണ്ട് (3)
- താരതമ്യം ചെയ്തിട്ടുണ്ട് (2)

*(സ്കോർ : 5, സമയം : 7മിനിറ്റ്)*

**പഠനനേട്ടം:**

മാതൃഭാഷയിലെയും ഇതരഭാഷയിലെയും നാഴികക്കല്ലുകളായ കൃതികളിലെ ആശയങ്ങൾ പരിചയപ്പെട്ട് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

❓ വെറുമൊരു പാവം മുനികന്യക എന്നതാണ് ശകുന്തളയെക്കുറിച്ച് പൊതുവെയുള്ള ധാരണ. എഴുത്തച്ഛൻ ഈ ധാരണയെ എങ്ങനെ തിരുത്തിക്കുറിക്കുന്നു? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (5)

■ **വിലയിരുത്തൽ സൂചകം:**

- പാഠഭാഗത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (3)
- സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം:**

കവിതകളിലെ സാമൂഹിക-സാംസ്കാരിക തലങ്ങൾ വിശകലനംചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

❓ ഒരുസൂര്യനുദിക്കും..
നിഴലായിട്ടമ്പിളിവളരും........

പ്രതീക്ഷാനിർഭരമായ ഒരു ലോകത്തെക്കുറിച്ചുള്ള സങ്കല്പനമാണോ ഇവിടെ ഇതൾ വിരിയുന്നത്. കവിത വിശകലനം ചെയ്ത് കുറിപ്പെഴുതുക. (5)

■ **വിലയിരുത്തൽ സൂചകങ്ങൾ:**

- കവിതയിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (3)
- സ്വന്തമായ നിരീക്ഷണത്തിൽ എത്തിയിട്ടുണ്ട് (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം:**

കവിതയിലെ സാമൂഹിക-സാംസ്കാരിക തലങ്ങൾ വിശകലനംചെയ്ത് കുറിപ്പെഴുതുന്നു.

❓ 'കാട്ടാളൻ' എന്ന കവിതയിൽ പ്രകൃതി എങ്ങനെയാണ് സജീവ സാന്നിധ്യമാകുന്നത്.?

– വിശകലനം ചെയ്യുക. (5)

■ **വിലയിരുത്തൽ സൂചകം:**

- സാമൂഹിക വീക്ഷണം കണ്ടെത്തി തനിമയോടെ അവതരിപ്പിച്ചിട്ടുണ്ട്. (2)
- സ്വന്തമായ നിഗമനങ്ങളിലെത്താൻ കഴിഞ്ഞിട്ടുണ്ട്. (2)
- അവതരണ മികവ് പുലർത്തിയിട്ടുണ്ട് (1)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം:**

കഥരചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

'തന്റെ അവകാശികളെക്കുറിച്ചുള്ള ദിവാകരന്റെ ഉത്കണ്ഠയാണ് 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയുടെ കാതൽ.' – ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കഥയിലെ സന്ദർഭങ്ങൾ വിവരിച്ച് നിങ്ങളുടെ വാദഗതികൾ സമർഥിക്കുക (6)

■ **വിലയിരുത്തൽ സൂചകം:**

- ആശയം ഉൾക്കൊണ്ടിട്ടുണ്ട് (2)
- ഉദാഹരണങ്ങൾ വിശദീകരിച്ചിട്ടുണ്ട് (2)
- സ്വന്തമായ നിഗമനങ്ങൾ എഴുതാൻ കഴിഞ്ഞിട്ടുണ്ട് (2)

*(സ്കോർ : 6, സമയം : 10 മിനിറ്റ്)*

**പഠനനേട്ടം:**

കഥരചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

'മുതിർന്നവരുടെ ലോകത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ് കുട്ടികളുടെ ലോകം' – 'പ്രകാശം ജലം പോലെയാണ്' എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക. (5)

■ **വിലയിരുത്തൽ സൂചകം:**

- കഥയിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (3)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം:**

കവിതകളിലെ സാമൂഹിക-സാംസ്കാരിക തലങ്ങൾ വിശകലനംചെയ്ത് സ്വതന്ത്ര നിരീക്ഷണങ്ങൾകൂടി ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.

താഴെക്കൊടുത്ത കവിതാഭാഗത്തിന് ഒരു ആസ്വാദനക്കുറിപ്പെഴുതുക.

'എങ്കിലോ കടലേ
നിന്റെസൗന്ദര്യമെല്ലാം
മുത്തിലൊളിപ്പിച്ച്
നീയെനിക്ക് എറിഞ്ഞുതന്നത്
എന്റെ കണ്ണിൽപ്പെട്ടില്ല
നിന്റെ സംഗീതമെല്ലാം
ശംഖിലടച്ച്
നീയെനിക്ക് സമ്മാനിച്ചത്
എന്റെ കാതിലുടക്കിയില്ല
എങ്കിലോ കടലേ
നിന്റെ കൊള്ളരുതായ്മകൾ
ചത്തമീനായി തീരത്തടിഞ്ഞത്
ആർത്തിയോടെ
കൊത്തിപ്പറക്കുന്നു ഞാൻ'

(കാക്കജന്മം-സോമൻ കടലൂർ) (5)

■ **വിലയിരുത്തൽ സൂചകം:**

- കവിതാ ഭാഗത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- സ്വന്തം നിഗമനങ്ങളിലെത്താൻ കഴിഞ്ഞിട്ടുണ്ട്. (3)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം:**

കഥാരചനാ സങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.

? താഴെക്കൊടുത്ത കഥ വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക. (5)

**ജ്വാല**

ആദ്യം കണ്ടപ്പോൾതന്നെ അയാൾക്കു തോന്നി, ഏഴുതിരിയിട്ട വിളക്കുപോലെ ജ്വലിക്കുന്ന സൗന്ദര്യം കതിർമ്മണ്ഡപത്തിൽ അടുത്തുകണ്ടപ്പോൾ അയാളറിഞ്ഞു; നിലവിളക്കിനെക്കാൾ കത്തുന്ന സൗന്ദര്യം ഇവൾക്കു തന്നെ. ഒടുവിൽ മനുഷ്യക്കച്ചവടത്തിലെ വിലപേശലിനുശേഷം മണ്ണെണ്ണ നനച്ചു തീ കൊളുത്തിയപ്പോൾ അയാൾ നിനച്ചു, അതെ, കത്തിജ്വലിക്കുന്ന സൗന്ദര്യം തന്നെ.

-പി.കെ.പാറക്കടവ്

■ **വിലയിരുത്തൽ സൂചകം:**

- കഥയിലെ സാമൂഹികപ്രശ്നം തിരിച്ചറിഞ്ഞിട്ടുണ്ട്. (3)
- ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം:**

വിവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർദ്ദിഷ്ടരചനകൾ വിവർത്തനം ചെയ്യാനുള്ള ശേഷിനേടുന്നു.

? താഴെക്കൊടുത്ത കാവ്യഭാഗത്തിന്റെ ആശയത്തെ അയ്യപ്പപ്പണിക്കരുടെ 'മോഷണം.' എന്ന കവിതയുമായി താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക. (8)

Once there was a little boy
with curly hair and pleasant eye
A boy who always told the truth
And never, never told a lie.
And when he trotted off to school,
The children all about would cry
"There goes the curly-headed boy
The boy that never tells a lie"
And everybody loved him so,
Because he always told the truth.

*(trotted off : ചെറിയ ചുവടുകൾ വെച്ച് ഓടുക)*

■ **വിലയിരുത്തൽ സൂചകം:**

- ആശയങ്ങൾ മനസിലാക്കിയിട്ടുണ്ട്. (3)
- ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (3)
- താരതമ്യം ചെയ്തിട്ടുണ്ട്. (2)

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം:**

- കവിതയിലെ സാമൂഹിക-സാംസ്കാരികതലങ്ങൾ വിശകലനം ചെയ്ത് സ്വതന്ത്ര നിരീക്ഷണങ്ങൾ കൂടി ഉൾപ്പെടുത്തി കുറിപ്പെഴുതുന്നു.

'സ്ത്രീശാക്തീകരണത്തെക്കുറിച്ചുള്ള ചർച്ചയിൽ ഉദാഹരിക്കാവുന്ന കഥാപാത്രമാണ് എഴുത്തച്ഛന്റെ ശകുന്തള'

– ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക. (8)

■ **വിലയിരുത്തൽ സൂചകം:**

- കവിതയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട് (3)
- സ്ത്രീശാക്തീകരണവുമായി ബന്ധപ്പിച്ചിട്ടുണ്ട് (3)
- ഭാഷാപരമായ മികവ് (2)

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം:**

കവിതയിലെ സാമൂഹിക-സാംസ്കാരിക തലങ്ങൾ വിശകലനം ചെയ്ത് സ്വതന്ത്ര നിരീക്ഷണം ഉൾപ്പെടുത്തി കുറിപ്പെഴുതുന്നു.

പ്രകൃതിക്കും അടിച്ചമർത്തപ്പെട്ടവരുടെയും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന വർത്തമാനകാലത്ത് ചെറുത്തുനിൽപ്പിന്റെ ഊർജം പകരുന്ന കവിതയാണ് 'കിരാതവൃത്തം'

– ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക.

■ **വിലയിരുത്തൽ സൂചകം:**

- കവിതാ ഭാഗത്തിലെ ആശയം ഉൾക്കൊണ്ടിട്ട്. (3)
- സമകാലിക പ്രസക്തി വിശദീകരിച്ചിട്ടുണ്ട്. (3)
- ഭാഷാമികവ്. (2)

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം:**

കഥ വിശകലനം ചെയ്ത് കുറിപ്പെഴുതുന്നു.

പ്രത്യക്ഷത്തിൽ യുക്തിരഹിതം എന്നു തോന്നുന്ന കാര്യങ്ങളെ അത്യന്തം സ്വാഭാവികതയോടെ അവതരിപ്പിച്ച് അനുവാചകരെ രസിപ്പിക്കുന്ന ആഖ്യാനശൈലിയാണ് മാർക്വെസിന്റേത്-പ്രകാശം ജലം പോലെയാണ് എന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യുക.

■ **വിലയിരുത്തൽ സൂചകം:**

- ആശയ സമഗ്രത. (4)
- ഭാഷാമികവ്. (2)
- സ്വന്തം നിഗമനങ്ങൾ. (2)

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം:**

വിവിധ കാലഘട്ടങ്ങളിലെ നോവലുകളും ചെറുകഥകളും വായിച്ച് ആസ്വാദനക്കുറിപ്പുകളും വായനക്കുറിപ്പുകളും തയ്യാറാക്കുന്നതിനും താഴെക്കൊടുത്ത കഥയ്ക്ക് ആസ്വാദനം തയാറാക്കുക.

## വണ്ടിയിൽ ഒരു കുടുംബം

വണ്ടിയിലെ തിക്കും തിരക്കും കണ്ടപ്പോൾ താൻ എന്തിനാണ് എന്നും ഇങ്ങനെ രണ്ടാം ക്ലാസിൽ യാത്രചെയ്യുന്നത് എന്ന് വേലായുധൻനായർ സ്വയം ചോദിച്ചു. ഒന്നാം ക്ലാസിലോ എ.സി.യിലോ യാത്ര ചെയ്യാൻ അയാൾക്കു ബുദ്ധിമുട്ടില്ല. വേലായുധൻനായർക്ക് ധാരാളം സ്വത്തും പണവുമുണ്ട്. പക്ഷേ ഉയർന്ന ക്ലാസുകളിൽ സഞ്ചരിക്കുന്നത് അയാൾക്ക് ഇഷ്ടമില്ല.

റിസർവേഷനുണ്ടെങ്കിലും അയാൾക്ക് സൗകര്യപൂർവ്വം ഇരിക്കാൻ ഒരിടം കിട്ടിയില്ല. സീറ്റുകളെല്ലാം മറ്റുള്ളവർ കയ്യടക്കിയിരിക്കുന്നു. അവർക്ക് റിസർവേഷനുണ്ടോ? ആർക്കറിയാം? വേലായുധൻ നായർ ഒരറ്റത്ത് ഞെരുങ്ങിയിരുന്നു. തന്റെ മെലിഞ്ഞ ശരീരം ഇതുപോലുള്ള അവസരങ്ങളിൽ അയാൾക്ക് ഒരനുഗ്രഹമാണ്.

എക്സ്പ്രസാണെങ്കിലും ഒരു ലോക്കൽ പോലെയാണ് വണ്ടി നീങ്ങുന്നത്. അനാവശ്യമായി അത് ഉലയുകയും കുലുങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ഇടയ്ക്കിയെ കാതടിപ്പിക്കുന്ന ഒച്ചയുണ്ടാകുകയും ചെയ്തു. നീ നല്ല കുടുംബത്തിൽ പിറന്നവനല്ല, വേലായുധൻ നായർ പറഞ്ഞു.

ഉച്ചച്ചൂടിൽ പതുക്കെ ഒന്നു മയങ്ങിയ അയാൾ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടുണർന്നു. മുമ്പിലെ സീറ്റിൽ ഇരിക്കുന്നതു ഒരു കൊച്ചു കുടുംബമാണ്. അമ്മയുടെ മടിയിൽ ഇരുന്ന് കുഞ്ഞ് കരയുകയാണ്. അമ്മ എത്ര ശ്രമിച്ചിട്ടും കുഞ്ഞ് കരച്ചിൽ നിറുത്തിയില്ല.

വെറുതെ പുറത്തെ കാഴ്ചകൾ കണ്ടിരുന്ന അച്ഛൻ കുനിഞ്ഞ് കാലുകൾക്കിടയിൽ വച്ച പ്ലാസ്റ്റിക്ക് കുട്ടയിൽ നിന്ന് ഒരു മുലക്കുപ്പി പുറത്തെടുത്തു. തുണിയിൽ പൊതിഞ്ഞുവെച്ച ആ കുപ്പി കഴുകാനായി അയാൾ വാഷ്ബേസിന്റെ അരികിലേക്ക് പോയി. അവിടെ കാൽകുത്താൻ ഇടമില്ലായിരുന്നു. വാതിലിന്റെ അരികിലും ടോയ്‌ലറ്റിന്റെ മുമ്പിലുമെല്ലാം യാത്രക്കാർ തടിച്ചുകൂടി നിന്നു. മുലക്കുപ്പി കഴുകി വരാൻ അയാൾ ധാരാളം സമയമെടുത്തു. ഭാര്യയുടെ അരികിലിരുന്ന് കുനിഞ്ഞ് വീണ്ടും കുട്ടയിൽ എന്തോ പരതി. ഒരു കുപ്പി പെപ്സി പുറത്തെടുത്തു. നല്ല ബലമുള്ള പല്ലുകളാണ് അയാളുടേത്. എത്ര എളുപ്പമാണ് അയാൾ കുപ്പി കടിച്ചുതുറന്നത്. മുലക്കുപ്പിയിൽ പെപ്സി ഒഴിച്ച് നിപ്പിൾ ഇട്ട് അയാൾ അതും ഭാര്യയുടെ കൈയ്യിൽ കൊടുത്തു. മധുരിക്കുന്ന നിപ്പിൾ ഇളം ചുണ്ടുകളിൽ തൊട്ട ഉടനെ കുഞ്ഞിന്റെ കരച്ചിൽ നിന്നു.

"മോളാ"?

പെപ്സി ഈമ്പിക്കുടിക്കുന്ന കുഞ്ഞിനെ നോക്കി വേലായുധൻനായർ വെറുതെ ചോദിച്ചു.

"മോനാ."

അമ്മ പറഞ്ഞു.

"എത്രമാസമായി ?"

"രണ്ടര"

അതു പറഞ്ഞത് അച്ഛനാണ്. എന്നിട്ട് അയാൾ വാത്സല്യത്തോടെ മകനെ ഒന്നു നോക്കി. മണി അഞ്ചു കഴിഞ്ഞതോടെ തിരക്ക് വർദ്ധിച്ചു. ആപ്പീസ് വിട്ട് ഉദ്യോഗസ്ഥൻമാർ കൂട്ടമായി വണ്ടിയിൽ കയറിവന്നു. ഭാഗ്യവശാൽ അപ്പോഴേക്കും വേലായുധൻനായർക്ക് ഇറങ്ങാറായിരുന്നു. ഉടുതുണിയും, ഗുളികകളും മാത്രം വെച്ച തന്റെ ചെറിയ ബ്രീഫ് കേസ് എടുത്ത് അയാൾ സ്റ്റേഷനിൽ ഇറങ്ങി.

വണ്ടി നീങ്ങിയപ്പോഴാണ് തനിക്ക് ഇറങ്ങേണ്ട സ്റ്റേഷനിൽ അല്ല താൻ ഇറങ്ങിയത് എന്ന് അയാൾക്ക് മനസിലായത്.

*–എം.മുകുന്ദൻ*

■ **വിലയിരുത്തൽ സൂചകം:**

- കഥയിലെ ആശയം ഗ്രഹിച്ചിട്ടുണ്ട്. (3)
- സ്വന്തം നിഗമനങ്ങൾ. (3)
- ഭാഷാമികവ് (2)

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം:**

ഉള്ളടക്കത്തിന്റെ സവിശേഷതകൾക്കനുസരിച്ച് സാഹിത്യ കൃതികളിലെ ഭാഷയിൽ പ്രകടമാകുന്ന വൈവിദ്ധ്യം കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നു.

ആടിമുകിൽമാല കുടിനീരു തിരയുന്നു
ആതിരകൾ കുളിരു തിരയുന്നു
ആവണികളൊരുകുഞ്ഞു പൂവുതിരയുന്നു
ആറുകളൊഴുക്കുതിരയുന്നു.
സർഗ്ഗലയതാളങ്ങൾ തെറ്റുന്നു ജീവരഥ
ചക്രങ്ങൾ ചാലിലുറയുന്നു.

*(ഭൂമിക്കൊരു ചരമഗീതം - ഒ.എൻ.വി)*

എവിടെന്റെ കിനാക്കൾ വിതച്ചോ-
രിടിമിന്നലു പൂക്കും മാനം
എവിടെന്റെ തുളസിക്കാടുകൾ, ഈറൻ മുടി
കോതിയ സന്ധ്യകൾ?
പച്ചപ്പൈ ചാടിനടക്കും
മുത്തങ്ങാപ്പുല്ലുകളെവിടെ?

*(കിരാതവൃത്തം-കടമ്മനിട്ട)*

ഇരുകാവ്യഭാഗങ്ങളിലും സമാനമായ ആശയമാണോ അവതരിപ്പിച്ചിട്ടുള്ളത്. വിശകലനം ചെയ്ത് കുറിപ്പെഴുതുക. (ഒരു പുറം)

■ **വിലയിരുത്തൽ സൂചകം:**

- പ്രയോഗങ്ങളുടെ ശക്തി കണ്ടെത്തിയിട്ടുണ്ട്. (3)
- സ്വന്തം നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (3)
- ഭാഷാപരമായ മികവ് ഉണ്ട്. (2)

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം**

ഭാഷാപദങ്ങളിലെ വ്യാകരണ സവിശേഷതകൾ തിരിച്ചറിയുന്നു.

പാർലമെന്റിൽ ബില്ല് പാസായി.

റൗണ്ട്സിനു വന്ന ഡോക്ടറെ നേഴ്സിംഗ് അസിസ്റ്റന്റ് ലാബ് റിപ്പോർട്ട് കാണിച്ചു.

– മുകളിൽകൊടുത്തിട്ടുള്ള വാക്യങ്ങളെ മലയാളവാക്യങ്ങളായി കണക്കാക്കാൻ കഴിയുമോ? വിശദീകരിക്കുക (2)

■ **വിലയിരുത്തൽ സൂചകം:**

- വ്യാകരണപരമായ പ്രത്യേകത മനസ്സിലാക്കിയിട്ടുണ്ട് (1)
- അത് വിശദീകരിച്ചിട്ടുണ്ട് (1)

*(സ്കോർ : 2)*

2

# തനതിടം

പഠനനേട്ടം

നാടകത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് നിരൂപണം തയാറാക്കുന്നു.

? പ്രേക്ഷകനിൽ നാടകീയാനുഭവമുളവാക്കുന്ന ആട്ടക്കഥാഭാഗമാണ് 'കേശിനീമൊഴി.'
– ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം അവതരിപ്പിക്കുക. (5)

■ **വിലയിരുത്തൽ സൂചകം**

- പാഠഭാഗത്തെ നാടകീയത കണ്ടെത്തിയിട്ടുണ്ട്. (3)
- ആവിഷ്കാരത്തിലെ മികവ്. (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

പഠനനേട്ടം

ആട്ടക്കഥ, നാടകം എന്നീ രംഗങ്ങളിലെ സാഹിത്യ പാഠങ്ങളിൽ നിന്ന് അഭിനയ സാധ്യത കണ്ടെത്തി വിഭിന്നരീതികളിൽ അവതരിപ്പിക്കുന്നു.

? 'ഉചിതജ്ഞയായ തോഴിയാണ് കേശിനി.'

– കേശിനിയുടെ ഔചിത്യബോധം പ്രകടമാക്കുന്ന സന്ദർഭങ്ങൾ വിശദമാക്കുക (5)

■ **വിലയിരുത്തൽ സൂചകം:**

- കഥാപാത്രസവിശേഷത തിരിച്ചറിയുന്നു. (2)
- ഔചിത്യം യുക്തിപൂർവ്വം സമർഥിക്കുന്നു. (3)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

പഠനനേട്ടം

മലയാളികളുടെ സംസ്കാര രൂപീകരണത്തിൽ നിർണ്ണായക പങ്കുവഹിച്ച കലാരൂപങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

? മഹാഭാരതം നളോപാഖ്യാനത്തിലെ അപ്രധാനകഥാപാത്രമായ കേശിനി, നളചരിതം ആട്ടക്കഥയിൽ സവിശേഷ വ്യക്തിത്വമാർന്ന കഥാപാത്രമായി രൂപാന്തരപ്പെടുന്നുണ്ടോ? പാഠഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക. (8)

■ **വിലയിരുത്തൽ സൂചകം:**

- കഥാപാത്ര സ്വഭാവം മനസ്സിലാക്കിയിട്ടുണ്ട്. (2)
- ആട്ടക്കഥാഭാഗത്തെ കഥാപാത്രസ്വഭാവം വിശകലനം ചെയ്തിട്ടുണ്ട്. (3)
- സ്വന്തം നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. (2)
- ഉചിതമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്. (1)

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം**

കാവ്യഭാഷാ സവിശേഷതകൾ തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുന്നു.

'തികഞ്ഞ കൈയടക്കമുള്ളതാണ് ഉണ്ണായിവാര്യരുടെ കാവ്യഭാഷ.'

– 'കേശിനീമൊഴി'യെ ആസ്പദമാക്കി ഉണ്ണായിവാര്യരുടെ കാവ്യഭാഷയെക്കുറിച്ച് കുറിപ്പ് തയാറാക്കുക (5)

■ **വിലയിരുത്തൽ സൂചകം:**

- കാവ്യഭാഷയുടെ സവിശേഷത തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ഉചിതമായ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)
- സ്വന്തം നിഗമനങ്ങളും നിരീക്ഷണങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

കവിതയിലെ അവതരണസാധ്യതകൾ കണ്ടെത്തി ഉചിതമായ രീതിയിൽ അവതരിപ്പിക്കുന്നു.

- നളനില്ലൊരപരാധം പോൽ ഉണ്ടെന്നാകിലും
  കുലനാരിക്കരുത് കോപം പോൽ (കേശിനീമൊഴി)

വ്യവസ്ഥാപിതമായ നിയമങ്ങൾക്കനുസരിച്ച് സ്ത്രീ ജീവിക്കണമെന്ന ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്? കുറിപ്പ് തയാറാക്കുക.

■ **വിലയിരുത്തൽ സൂചകം:**

- കാവ്യഭാഗങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (2)
- താരതമ്യം ചെയ്തിട്ടുണ്ട്. (2)
- അഭിപ്രായം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (2)

*(സ്കോർ : 6, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

മലയാളികളുടെ സംസ്കാരരൂപീകരണത്തിൽ നിർണായക പങ്കുവഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ ഉചിതമായ വ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കുന്നു.

'കേശിനീമൊഴി' സ്കൂൾ വേദിയിൽ അവതരിപ്പിക്കുകയാണ്. കഥകളിയുടെ സവിശേഷതകൾ വിശദീകരിച്ചുകൊണ്ട് പ്രസ്തുത ഭാഗത്തെ പരിചയപ്പെടുത്തുന്ന ഒരു ആമുഖപ്രഭാഷണം തയാറാക്കുക.

■ **വിലയിരുത്തൽ സൂചകം:**

- പാഠഭാഗത്തെ ആശയം ഗ്രഹിച്ചിട്ടുണ്ട് (4)
- പ്രഭാഷണഘടന പാലിച്ചിട്ടുണ്ട്. (2)

*(സ്കോർ : 6, സമയം : 10 മിനിറ്റ്)*

പഠനനേട്ടം

നാടകത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് നിരൂപണം തയാറാക്കുന്നു.

"ചിന്താരാമൻ: യഥാ രാജാ തഥാ പ്രജാ
കേവലരാമൻ: അഥവാ യഥാ പ്രജാ തഥാ രാജാ
ചിന്താരാമൻ: വാസ്തവം.
നമുക്കവകാശപ്പെട്ടതേ നമുക്ക് ലഭിക്കൂ" *(അഗ്നിവർണ്ണന്റെ കാലുകൾ)*

ഈ ആശയങ്ങളുടെ പ്രസക്തി പരിശോധിക്കുക.

■ **വിലയിരുത്തൽ സൂചകം:**

- വരികളുടെ ആശയം മനസ്സിലാക്കിയിട്ടുണ്ട്. (2)
- പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- സ്വന്തമായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

*(സ്കോർ : 6, സമയം : 10 മിനിറ്റ്)*

പഠനനേട്ടം

നാടകത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് നിരൂപണം തയാറാക്കുന്നു.

"വായുണ്ടെങ്കിലും വായിക്കാൻ നേരമില്ലാഞ്ഞിട്ട് അദ്ദേഹം വേറൊരാളെ ഇരുത്തി വായിപ്പിക്കുന്നുണ്ട്, അറിയാമോ?"

"രാജാവിന്റെ ഇന്ദ്രിയങ്ങൾക്കെല്ലാം പിടിപ്പത് ജോലിയുണ്ട്"

- ഈ സംഭാഷണഭാഗങ്ങളുടെ അർത്ഥതലങ്ങൾ എന്തൊക്കെയാണ്? കുറിപ്പെഴുതുക.

■ **വിലയിരുത്തൽ സൂചകം:**

- ആക്ഷേപഹാസ്യം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള ധാരണയിൽ എത്തിയിട്ടുണ്ട്. (2)
- സ്വന്തം നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

*(സ്കോർ : 6, സമയം : 10 മിനിറ്റ്)*

■ പഠനനേട്ടം

നാടകത്തിലെ സാമൂഹിക വിമർശനം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

ഉപജാപകവൃന്ദമാണ് അധികാരത്തെ ജീർണ്ണിപ്പിക്കുന്ന ഒരു ഘടകം. അഗ്നിവർണന്റ കാലുകൾ എന്ന നാടകത്തെ മുൻനിർത്തി ഈ പ്രസ്താവന പരിശോധിക്കുക. (4)

■ **വിലയിരുത്തൽ സൂചകം:**

- പാഠഭാഗത്തെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)

*(സ്കോർ : 4, സമയം : 6 മിനിറ്റ്)*

**പഠനനേട്ടം**

നാടകത്തിലെ സവിശേഷതകൾ തിരിച്ചറിഞ്ഞ് നിരൂപണം തയാറാക്കുന്നു.

‘കാലാകാലങ്ങളായി നിലനിൽക്കുന്ന അധികാരജീർണ്ണതയോടുള്ള പ്രതിഷേധമാണ് ‘അഗ്നിവർണ്ണന്റെ കാലുകൾ’ പ്രതിഫലിപ്പിക്കുന്നത്.’

– ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക. (8)

■ **വിലയിരുത്തൽ സൂചകം:**

- ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (3)
- സാമൂഹിക വിമർശനം തിരിച്ചറിഞ്ഞിട്ടുണ്ട്. (3)
- യുക്തിഭദ്രമായി വിശദീകരിച്ചിട്ടുണ്ട്. (2)
- ഭാഷയുടെ കൃത്യത.

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം**

നാടകത്തിലെ സാഹിത്യപാഠങ്ങളിൽനിന്ന് അഭിനയസാധ്യത കണ്ടെത്തി വിഭിന്ന രീതികളിൽ അവതരിപ്പിക്കുന്നു.

‘അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിൽ ചൂല് തുടങ്ങിയ വസ്തുക്കളെയും സാമൂഹിക വിമർശനത്തിനായി ഉപയോഗിക്കുന്നുണ്ട്. രണ്ടുദാഹരണങ്ങൾ നൽകി വിശദീകരിക്കുക (4)

■ **വിലയിരുത്തൽ സൂചകം:**

- ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട് (2)
- ഉചിതമായി വിശദീകരിച്ചിട്ടുണ്ട്. (2)

*(സ്കോർ : 4, സമയം : 6 മിനിറ്റ്)*

**പഠനനേട്ടം**

കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരുടെ സവിശേഷ കലാജീവിത സന്ദർഭങ്ങൾ വിശകലനംചെയ്ത് ഉചിതമായി ആവിഷ്കരിക്കുന്നു.

‘കലാമണ്ഡലം ഹൈദരലി എന്ന വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ ജീവിതാനുഭവങ്ങൾക്കുള്ള പങ്ക് വിശകലനം ചെയ്യുക. (5)

■ **വിലയിരുത്തൽ സൂചകം:**

- ഹൈദരലിയുടെ ജീവിതാനുഭവങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- താരതമ്യം നടത്തിയിട്ടുണ്ട്. (2)

- യുക്തിസഹമായി സമർത്ഥിച്ചിട്ടുണ്ട്. (1)

*(സ്കോർ : 5, സമയം :7 മിനിറ്റ്)*

**പഠനനേട്ടം**

നാടകത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് നിരൂപണം തയാറാക്കുന്നു.

സിംഹാസനത്തിലിരിക്കുന്ന മരക്കാലുകൾ എന്ന പ്രതീകത്തിലൂടെ 'അഗ്നിവർണ്ണന്റെ കാലുക'ളിൽ സാധ്യമാക്കിയിരിക്കുന്ന വിമർശനതലം വ്യക്തമാക്കുക. (5)

■ **വിലയിരുത്തൽ സൂചകം:**

- പാഠഭാഗത്തെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- വ്യാഖ്യാനിച്ചിട്ടുണ്ട് (2)
- നിരീക്ഷണങ്ങൾ ചേർത്തിട്ടുണ്ട്. (1)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

നാടകത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് നിരൂപണം തയാറാക്കുന്നു.

കേവലരാമൻ: ഇവിടെയൊക്കെ ശവത്തിന്റെ ദുർഗന്ധം നിങ്ങൾക്കു തോന്നിയില്ലേ? *(അഗ്നിവർണ്ണന്റെ കാലുകൾ)*

കേവലരാമന്റെ ചോദ്യം വിശകലനം ചെയ്ത് അതിൽ പ്രത്യക്ഷമാകുന്ന സാമൂഹികാവസ്ഥ വിശദീകരിക്കുക. (5)

■ **വിലയിരുത്തൽ സൂചകം:**

- സ്വന്തം നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ താരതമ്യം ചെയ്തിട്ടുണ്ട്. (3)

*(സ്കോർ: 5 , സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരുമായി അഭിമുഖം നടത്തി റിപ്പോർട്ട് തയാറാക്കുന്നു.

നളചരിതം കഥകളിയിൽ വേഷമിടാറുള്ള ഒരു നടനുമായുള്ള അഭിമുഖത്തിന് കഥകളിയിലെ അഭിനയരീതിയെപ്പറ്റി അഞ്ച് ചോദ്യങ്ങൾ തയാറാക്കുക.

■ **വിലയിരുത്തൽ സൂചകം:**

- വിഷയത്തെക്കുറിച്ചുള്ള ധാരണ നേടിയിട്ടുണ്ട് (3)
- ചോദ്യത്തിന്റെ ഘടന, ശൈലി എന്നിവ പുലർത്തിയിട്ടുണ്ട്. (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

മലയാളികളുടെ സംസ്കാരരൂപീകരണത്തിൽ നിർണ്ണായക പങ്കു വഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

പ്രതിസന്ധികളെ തരണംചെയ്ത് അഭിരുചിക്കനുസരിച്ചുള്ള മേഖല തെരഞ്ഞെടുക്കാൻ കലാമണ്ഡലം ഹൈദരാലിക്ക് സാധിച്ചു. ഇന്ന് കൗമാരപ്രായക്കാർക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ച മേഖല തെരഞ്ഞെടുക്കാൻ കഴിയുന്നുണ്ടോ? പൊതുസമൂഹത്തിന്റെ മനോഭാവമോ സ്വന്തം അനുഭവങ്ങളോ മുൻനിർത്തി വിശകലനം ചെയ്യുക (5)

**■ വിലയിരുത്തൽ സൂചകം:**

- താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. (2)
- ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. (2)
- ഭാഷാപരമായ മികവ് പുലർത്തിയിട്ടുണ്ട്. (1)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

മലയാളികളുടെ സംസ്കാരരൂപീകരണത്തിൽ നിർണ്ണായക പങ്കു വഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

മാപ്പിളപ്പാട്ട് എന്ന സാഹിത്യശാഖയ്ക്ക് പുലിക്കോട്ടിൽ ഹൈദർ നൽകിയ സംഭാവനകൾ എങ്ങനെയെല്ലാം വേറിട്ട് നിൽക്കുന്നു? ഉപന്യാസം തയാറാക്കുക (8)

**■ വിലയിരുത്തൽ സൂചകം:**

- ആശയങ്ങൾ ഗ്രഹിച്ചിട്ടുണ്ട്. (4)
- അഭിപ്രായങ്ങൾ യുക്തിയുക്തം സമർത്ഥിച്ചിട്ടുണ്ട് (2)
- തനിമയുള്ള നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)
- ഭാഷാമികവ്

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*

**പഠനനേട്ടം**

സാഹിത്യകൃതികളിലെ ദൃശ്യ-സംഗീത സാധ്യതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

'പുലിക്കോട്ടിൽ ഹൈദരും മാപ്പിളപ്പാട്ടും' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള സെമിനാറിൽ ഉൾപ്പെടുത്തുന്ന ഉപവിഷയങ്ങൾക്ക് ഉചിതമായ നാല് ശീർഷകങ്ങൾ നിർദ്ദേശിക്കുക (4)

**■ വിലയിരുത്തൽ സൂചകം:**

- ഉചിതമായ ശീർഷകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (4)

*(സ്കോർ : 4, സമയം : 5 മിനിറ്റ്)*

**പഠനനേട്ടം**

മലയാളികളുടെ സാംസ്കാരിക രൂപീകരണത്തിൽ നിർണായകപങ്കുവഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

ഗൾഫ് പ്രവാസത്തിന്റെ പശ്ചാത്തലത്തിലാണ് ദുബായ് കത്ത് പാട്ടുകൾ ഏറെയും രൂപപ്പെട്ടിട്ടുള്ളത്. മാപ്പിളപ്പാട്ടുകൾ പ്രതിഫലിപ്പിക്കുന്ന മാറുന്ന ജീവിതപശ്ചാത്തലത്തെപ്പറ്റി കുറിപ്പു തയാറാക്കുക. (5)

■ **വിലയിരുത്തൽ സൂചകം:**

- ആശയസമഗ്രത. (2)
- ഭാഷാപരമായ മികവ് (1)
- നിരീക്ഷണങ്ങളിലെ തനിമ (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

ഭാഷാസവിശേഷതകൾ തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുന്നു.

കർണശപഥമാണ് ഹൈദരാലിയുടെ പ്രിയപ്പെട്ട ആട്ടക്കഥ എന്ന് തന്റെ ആത്മകഥയിൽ അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. കർണനെപോലെ അവഗണിക്കപ്പെട്ട ഒരു കഥാപാത്രത്തിന്റെ മനോവ്യഥ പാഠഭാഗത്തെ വിവരണങ്ങളിൽ തെളിയുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (5)

■ **വിലയിരുത്തൽ സൂചകം:**

- ആശയസമഗ്രത പുലർത്തിയിട്ടുണ്ട് (1)
- ഭാഷാപരമായ മികവ് പുലർത്തിയിട്ടുണ്ട് (1)
- കാര്യകാരണ ബന്ധം കണ്ടെത്തിയിട്ടുണ്ട് (1)
- തനിമയുള്ള നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)

*(സ്കോർ: 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

മലയാളികളുടെ സാംസ്കാരിക രൂപീകരണത്തിൽ നിർണായകപങ്കുവഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

ആട്ടക്കഥയിൽ കവി നേരിട്ട് കഥാസാരം അവതരിപ്പിക്കുന്ന സങ്കേതമേത്? (1)

- ശ്ലോകം
- ഇളകിയാട്ടം
- പദം
- കേളികൊട്ട്

■ **വിലയിരുത്തൽ സൂചകം:**

- ശ്ലോകം (1)

*(സ്കോർ :1)*

### പഠനനേട്ടം

നാടകത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

അഗ്നിവർണന്റെ കാലുകൾ എന്ന നാടകത്തിലെ ഉപജാപക വൃന്ദത്തിന്റെ പ്രതീകം? (1)

- കേവലരാമൻ
- ചിന്താരാമൻ
- വിദൂഷകൻ
- അഗ്നിവർണ്ണൻ

■ **വിലയിരുത്തൽ സൂചകം:**

- വിദൂഷകൻ

*(സ്കോർ :1)*

### പഠനനേട്ടം

സാഹിത്യകൃതികളിലെ ദൃശ്യസംഗീത സാധ്യതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

കേശിനി നളനെ തിരിച്ചറിയുന്നതിന് കാരണമായ ഒരു സൂചകം ഏത്? (1)

- നളന്റെ സൗന്ദര്യം
- രഥവേഗം
- യുദ്ധവീര്യം
- പാചകവൈദഗ്ദ്ധ്യം

■ **വിലയിരുത്തൽ സൂചകം:**

- പാചകവൈദഗ്ദ്ധ്യം *(സ്കോർ :1)*

### പഠനനേട്ടം

നാടകത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

അഗ്നിവർണന്റെ കാലുകൾ ഏത് നാടക വിഭാഗത്തിൽ ഉൾപ്പെടുന്നു? (1)

- ക്ലാസിക് നാടകം
- പ്രശ്നനാടകം
- തനത്നാടകം
- തെരുവ് നാടകം

■ **വിലയിരുത്തൽ സൂചകം:**

- തനത്നാടകം *(സ്കോർ : 1)*

### പഠനനേട്ടം

ആട്ടക്കഥ, നാടകം എന്നീ രംഗങ്ങളിലെ സാഹിത്യപാഠങ്ങളിൽനിന്ന് അഭിനയസാധ്യത കണ്ടെത്തി വിഭിന്നരീതികളിൽ അവതരിപ്പിക്കുന്നു.

"കൊത്തുവാൾ തന്റെ കൈയിലെ ദണ്ഡ് ഉയർത്തിക്കൊണ്ട് കേവലരാമന്റെ നേർക്ക് അടുക്കുന്നു. കേവലരാമൻ ചിന്താരാമന്റെ കൈയിലെ പുസ്തകം വാങ്ങി കൊത്തുവാളിന്റെ നേർക്കും" ഈ സംഘർഷമൂഹൂർത്തം ധ്വനിപ്പിക്കുന്നതെന്ത്? (1)

- അധികാരവും സമൂഹവും തമ്മിലുള്ള ഏറ്റുമുട്ടൽ
- അധികാരവും രാജാവും തമ്മിലുള്ള ഏറ്റുമുട്ടൽ
- വ്യക്തികൾ തമ്മിലുള്ള സംഘർഷം
- ഉപജാപകവൃന്ദവും അധികാരവും തമ്മിലുള്ള ഏറ്റുമുട്ടൽ

■ **വിലയിരുത്തൽ സൂചകം:**

- അധികാരവും സമൂഹവും തമ്മിലുള്ള ഏറ്റുമുട്ടൽ

*(സ്കോർ 1)*

### പഠനനേട്ടം

മലയാളികളുടെ സാംസ്കാരിക രൂപീകരണത്തിൽ നിർണായക പങ്ക് വഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

ഹൈദരാലിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ ഒരു കലാകാരനെ രൂപപ്പെടുത്തുന്ന ഘടകം? (1)

- ദാരിദ്ര്യം
- അപ്രതീക്ഷിതഭാഗ്യം
- സമ്മർദ്ദം
- ജന്മസിദ്ധിയും സാധനയും

■ **വിലയിരുത്തൽ സൂചകം:**

- ജന്മസിദ്ധിയും സാധനയും (1)

*(സ്കോർ : 1)*

### പഠനനേട്ടം

മലയാളികളുടെ സാംസ്കാരിക രൂപീകരണത്തിൽ നിർണായക പങ്ക് വഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

മാപ്പിളപ്പാട്ടുകൾ സമൂഹത്തിന്റെ പൊതുസ്വത്തായി മാറിയതെങ്ങനെ? (1)

- പ്രത്യേകവിഭാഗം കൈകാര്യം ചെയ്തതിലൂടെ
- കലയുടെ ജനാധിപത്യവത്ക്കരണത്തിലൂടെ
- പത്രങ്ങളുടെ പ്രചാരം വഴി
- പാരമ്പര്യബോധത്തിലൂടെ

■ **വിലയിരുത്തൽ സൂചകം:**

- കലയുടെ ജനാധിപത്യവത്കരണത്തിലൂടെ. (1)

*(സ്കോർ : 1)*

## പഠനനേട്ടം

മലയാളികളുടെ സാംസ്കാരിക രൂപീകരണത്തിൽ നിർണായക പങ്ക് വഹിച്ച കലാ മാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

? കേരളീയതയ്ക്ക് പ്രാധാന്യം കൊടുത്ത മാപ്പിളപ്പാട്ട് രചയിതാവ് ആര്? (1)

- മൊയിൻകുട്ടി വൈദ്യർ
- ഖാസിമുഹമ്മദ്
- പുലിക്കോട്ടിൽ ഹൈദർ
- എസ്.എ.ജലീൽ

■ **വിലയിരുത്തൽ സൂചകം:**

- പുലിക്കോട്ടിൽ ഹൈദർ (1)

*(സ്കോർ : 1)*

## ■ പഠനനേട്ടം

മലയാളികളുടെ സാംസ്കാരിക രൂപീകരണത്തിൽ നിർണായക പങ്ക് വഹിച്ച കലാ മാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

? ഉചിതമായവ ചേർത്ത് പട്ടിക പൂർത്തിയാക്കുക. (2)

- കാവാലം നാരായണപണിക്കർ
- മറിയക്കുട്ടിയുടെ കത്ത്
- പുലിക്കോട്ടിൽ ഹൈദർ
- ചിന്താരാമൻ

| തനത് നാടകം | മാപ്പിളപ്പാട്ട് |
|---|---|
| • | • |
| • | • |

j

■ **വിലയിരുത്തൽ സൂചകം:**

| തനത് നാടകം | മാപ്പിളപ്പാട്ട് |
|---|---|
| • കാവാലം നാരായണപ്പണിക്കർ | • പുലിക്കോട്ടിൽ ഹൈദർ |
| • ചിന്താരാമൻ | • മറിയക്കുട്ടിയുടെ കത്ത് |

*(സ്കോർ : 2)*

## പഠനനേട്ടം

മലയാളികളുടെ സാംസ്കാരിക രൂപീകരണത്തിൽ നിർണായക പങ്ക് വഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

**ചേരുംപടി ചേർക്കുക** (4)

- അഗ്നിവർണന്റെ കാലുകൾ - നളോപാഖ്യാനം
- കേശിനീമൊഴി - ധ്വന്യാത്മകത
- പദത്തിന്റെ പഥത്തിൽ - അറബിമലയാളസാഹിത്യം
- മാപ്പിളപാട്ടിലെ കേരളീയത - ഒരു കലാകാരന്റെ ഉദയം

**■ വിലയിരുത്തൽ സൂചകം:**

- അഗ്നിവർണന്റെ കാലുകൾ - ധ്വന്യാത്മകത
- കേശിനീമൊഴി - നളോപാഖ്യാനം
- പദത്തിന്റെ പഥത്തിൽ - ഒരു കലാകാരന്റെ ഉദയം
- മാപ്പിളപാട്ടിലെ കേരളീയത - അറബിമലയാളസാഹിത്യം *(സ്കോർ : 4)*

## പഠനനേട്ടം

മലയാളികളുടെ സാംസ്കാരിക രൂപീകരണത്തിൽ നിർണായക പങ്ക് വഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

**ചേരുംപടി ചേർക്കുക** (4)

- കാക്കാരശിനാടകം - എം.എൻ കാരശ്ശേരി
- തനത് നാടകം - കലാമണ്ഡലം ഹൈദരാലി
- മഞ്ജുതര - കാവാലം നാരായണപണിക്കർ
- പുലിക്കോട്ടിൽ കൃതികൾ - ജി.ഭാർഗവൻപിള്ള

**■ വിലയിരുത്തൽ സൂചകം:**

- കാക്കാരശിനാടകം - ജി.ഭാർഗവൻപിള്ള
- തനത് നാടകം - കാവാലം നാരായണപണിക്കർ
- മഞ്ജുതര - കലാമണ്ഡലം ഹൈദരാലി
- പുലിക്കോട്ടിൽ കൃതികൾ - എം.എൻ കാരശ്ശേരി *(സ്കോർ : 4)*

3

# ദർപ്പണം

## യൂണിറ്റ് 3

പഠനനേട്ടം

- സാഹിത്യകൃതികളിലെ ഹാസ്യാംശങ്ങൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നു.

മോഷണം എന്ന കവിതയുടെ സവിശേഷതയല്ലാത്തത് ഏത്? (1)

- ആക്ഷേപഹാസ്യം
- സാമൂഹികവിമർശനം
- പരിഹാസം
- കാല്പനികത

■ **വിലയിരുത്തൽ സൂചകം**

- കാല്പനികത (1)

*(സ്കോർ : 1)*

പഠനനേട്ടം

മലയാള കവിതയിലെ ആക്ഷേപഹാസ്യതലങ്ങൾ വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പുകൾ, താരതമ്യക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ മുതലായവ തയാറാക്കുന്നു.

'മോഷണം' എന്ന കവിതയിൽ വിമർശനവിധേയമാകുന്ന പ്രവണതകൾ പ്രവണതകൾ ഏവ?

(4)

■ **വിലയിരുത്തൽ സൂചകം**

- പ്രവണതകൾ കണ്ടെത്തുന്നതിന് (2)
- ഉചിതമായ ആവിഷ്കാരത്തിന് (2)

*(സ്കോർ: 4, സമയം : 5 മിനിറ്റ്)*

പഠനനേട്ടം

മലയാള കവിതയിലെ ആക്ഷേപഹാസ്യതലങ്ങൾ വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പുകൾ, താരതമ്യക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ മുതലായവ തയാറാക്കുന്നു.

"സ്തുതിപാടുക നാം മർത്ത്യനു സ്തുതിപാടുകനാം
തന്നയൽവക്കത്തരവയർ നിറയാപ്പെണ്ണിനു
നിറവയർ നൽകും മർത്ത്യനു സ്തുതി പാടുകനാം" *(അയ്യപ്പപ്പണിക്കർ)*

"പശുവിനെ മോഷ്ടിച്ചെങ്കിലതേ എനിക്കു
പാലുകുടിയ്ക്കാനായിരുന്നല്ലോ

പശുവിൻ പാലുകുടിയ്ക്കാനായിരുന്നല്ലോ”

“നേരിട്ടുള്ള വിമർശനത്തെക്കാൾ ശക്തമാണ് ആക്ഷേപഹാസ്യം.” മേൽ തന്നിട്ടുള്ള കവിതാഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിശകലനം ചെയ്യുക.

■ **വിലയിരുത്തൽ സൂചകങ്ങൾ**

- വിശകലനം ചെയ്യുന്നതിന് (3)
- ഉചിതമായ ആവിഷ്കാരത്തിന് (1)

*(സ്കോർ: 4, സമയം : 6 മിനിറ്റ്)*

**പഠനനേട്ടം**

- മലയാള കവിതകളിലെ ആക്ഷേപഹാസ്യതലങ്ങൾ വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ, താരതമ്യക്കുറിപ്പുകൾ മുതലായവ തയാറാക്കുന്നു.

?

“മാറ്റുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
മാറ്റുമതുകളീനിങ്ങളെത്താൻ”

എന്ന കുമാരനാശാന്റെ പ്രസിദ്ധമായ ഉദ്ബോധനത്തെ ‘മോഷണം’ എന്ന കവിതയിൽ

“നല്ലതുവല്ലോം മോഷ്ടിച്ചാലുടനേ അവനെ വെറുതെ
കള്ളനാക്കും നിങ്ങടെ ചട്ടം
മാറ്റുകമാറ്റുക ചട്ടങ്ങളെയവ
മാറ്റും നിങ്ങളെയല്ലെങ്കിൽ”

എന്ന രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നു. അയ്യപ്പപ്പണിക്കരുടെ രചനാതന്ത്രം ചർച്ച ചെയ്യുക.(5)

■ ***വിലയിരുത്തൽ സൂചകങ്ങൾ***

- ആക്ഷേപഹാസ്യത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു (2)
- ഔചിത്യം കണ്ടെത്തുന്നു (2)
- ഉചിതമായി ആവിഷ്ക്കരിച്ചിരിക്കുന്നു. (1)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

മലയാള കവിതയിലെ ആക്ഷേപഹാസ്യതലങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.

?

“ദൈവമേകൈതൊഴാം കേൾക്കുമാറാകണം
ബോറനാമെന്നെ നീ കാക്കുമാറാകണം
കള്ളം പറയുവാൻ ത്രാണിയുണ്ടാകണം
കള്ളപ്പണത്തിനു മാർഗമുണ്ടാകണം” *(ദൈവമേ കൈതൊഴാം - അയ്യപ്പപ്പണിക്കർ)*

ഈ വരികളിലും ‘മോഷണം’ എന്ന കവിതയിലും ആക്ഷേപഹാസ്യത്തിലൂന്നി കവി നടത്തുന്ന സാമൂഹിക വിമർശനം വിശകലനം ചെയ്യുക. (5)

■ **വിലയിരുത്തൽ സൂചകം**

- ആക്ഷേപഹാസ്യത്തിന്റെ തലങ്ങൾ കണ്ടെത്തുന്നതിന് (3)
- ഉചിതമായ ആവിഷ്കാരത്തിന് (2)

*(സ്കോർ: 5, സമയം : 7 മിനിറ്റ്)*

പഠനനേട്ടം

മലയാള കവിതകളിലെ ആക്ഷേപഹാസ്യതലങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

"എനിക്ക് ഒരു കുഞ്ഞാടുണ്ടായിരുന്നു.
നല്ല അഴകുള്ള കുഞ്ഞാട്
നല്ല സ്നേഹമുള്ള കുഞ്ഞാട്
വേവിച്ചപ്പോൾ നല്ല രുചി." *(എനിക്ക് ഒരു കുഞ്ഞാടുണ്ടായിരുന്നു - അയ്യപ്പപ്പണിക്കർ)*

"കോഴിയെ മോഷ്ടിച്ചെങ്കിലതേ, അത്
പൊരിച്ചുതിന്നാനായിരുന്നല്ലോ-എനിക്കു
പൊരിച്ചു തിന്നാനായിരുന്നല്ലോ." *(മോഷണം- അയ്യപ്പപ്പണിക്കർ)*

രണ്ട് കവിതാഭാഗങ്ങളിലും ഹാസ്യത്തിന്റെ മേമ്പൊടി ചേർത്തവതരിപ്പിക്കുന്ന ആശയം വിശകലനം ചെയ്യുക (5)

■ **വിലയിരുത്തൽ സൂചകങ്ങൾ**

- വിശകലനം ചെയ്ത് കവിതയുടെ സവിശേഷതകൾ കണ്ടെത്തുന്നതിന് (3)
- ഉചിതമായ ആവിഷ്കാരത്തിന് (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

പഠനനേട്ടം

നമ്പ്യാർക്കവിതകളിലെ ഭാഷാപരവും സൗന്ദര്യപരവുമായ ഘടകങ്ങൾ വിശകലനം ചെയ്ത് ഉചിതമായ രൂപത്തിൽ ആവിഷ്കരിക്കുന്നു.

'ശീലാവതീചരിതം' ഏതു വിഭാഗത്തിൽപ്പെട്ട തുള്ളൽ കൃതിയാണ്? (1)

- ഓട്ടൻതുള്ളൽ
- പറയൻതുള്ളൽ
- ശീതങ്കൻതുള്ളൽ
- കോലം തുള്ളൽ

■ **വിലയിരുത്തൽ സൂചകം**

- ഓട്ടൻതുള്ളൽ (1)

*(സ്കോർ : 1)*

പഠനനേട്ടം

നമ്പ്യാർക്കവിതകളിലെ ഭാഷാപരവും സൗന്ദര്യപരവുമായ ഘടകങ്ങൾ വിശകലനം ചെയ്ത് ഉചിതമായ രൂപത്തിൽ ആവിഷ്കരിക്കുന്നു.

താഴെപ്പറയുന്നവയിൽ ശീലാവതിയുടെ സ്വഭാവസവിശേഷത അല്ലാത്തതേത്? (1)

- ത്യാഗം
- പാതിവ്രത്യം
- കലഹപ്രിയത
- ഈശ്വരഭക്തി

■ **വിലയിരുത്തൽ സൂചകം**

- കലഹപ്രിയത (1)

*(സ്കോർ: 1)*

**പഠനനേട്ടം**

നമ്പ്യാർക്കവിതകളിലെ ഭാഷാപരവും സൗന്ദര്യപരവുമായ ഘടകങ്ങൾ വിശകലനം ചെയ്ത് ഉചിതമായി ആവിഷ്കരിക്കുന്നു.

? രംഗപ്രയോഗത്തിന് അനുയോജ്യമാംവണ്ണം 'കൊള്ളിവാക്കല്ലാതൊന്നും' എന്ന പാഠഭാഗത്ത് പ്രകടമാകുന്ന സവിശേഷതകൾ വിശദമാക്കുക. (5)

സൂചനകൾ: താളം, പദപ്രയോഗം, പ്രാസം, അഭിനയസാധ്യത

■ **വിലയിരുത്തൽ സൂചകം**

- സവിശേഷതകൾ കണ്ടെത്തുന്നതിന് (4)
- ഉചിതമായ ആവിഷ്കരണത്തിന് (1)

*(സ്കോർ : 5, സമയം: 7 മിനിറ്റ്)*

**പഠനനേട്ടം**

മലയാളത്തിലെ സ്ത്രീപക്ഷരചനകളിലെ സാമൂഹിക വിമർശന തലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

? വൈകാരികതയെയും പ്രായോഗികതയെയും സംബന്ധിച്ച് 'ഗൗളീജന്മം' എന്ന കഥയിൽ സ്വീകരിച്ചിട്ടുള്ള നിലപാടുകൾ ചർച്ച ചെയ്ത് കുറിപ്പെഴുതുക. (5)

■ **വിലയിരുത്തൽ സൂചകം**

- ആശയങ്ങൾ കണ്ടെത്തുന്നതിന് (4)
- ഉചിതമായ ആവിഷ്കരണത്തിന് (1)

*(സ്കോർ: 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

മലയാളത്തിലെ സ്ത്രീപക്ഷരചനകളിലെ സാമൂഹ്യവിമർശനതലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

? "എന്റെ കുഞ്ഞുങ്ങളുടെ അമ്മയാകാനുള്ളവളാണ് നീ എന്ന കാര്യം വിസ്മരിക്കേണ്ട."

*(ഗൗളിജന്മത്തിലെ ആൺഗൗളി)*

"പെണ്ണായാൽ ചോറും കറിയും വയ്ക്കണം, പെറണം"

*(ഓർമയുടെ ഞരമ്പിലെ ഭർത്തൃമാതാവ്)*

- പുരുഷാധിപത്യ സമൂഹത്തിന് സ്ത്രീയെക്കുറിച്ചുള്ള പൊതുബോധമാണോ മേൽപറഞ്ഞ പ്രസ്താവനകളിൽ പ്രകടമാവുന്നത്? പെൺഗൗളി എങ്ങനെ ആ ധാരണയെ അട്ടിമറിക്കുന്നു? വിശദമാക്കുക. (8)

■ **വിലയിരുത്തൽ സൂചകം**

- കഥകളിൽ പ്രകടമാകുന്ന സ്ത്രീ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന്

(5)

- സ്വന്തം നിരീക്ഷണം (2)
- ഉചിതമായ ഭാഷ (1)

*(സ്കോർ: 8, സമയം : 20 മിനിറ്റ്)*

## പഠനനേട്ടം

മലയാളത്തിലെ സ്ത്രീപക്ഷകഥകളിലെ സാമൂഹ്യവിമർശനതലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

ആൺഗൗളി പറഞ്ഞു. 'മമതയാണ് സർവ്വദുഃഖങ്ങൾക്കും കാരണമെന്ന ബോധം.'പെൺഗൗളി പൊട്ടിച്ചിലച്ചു. "ഇതു കണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഇക്കണ്ട ത്യാഗങ്ങളൊക്കെ സഹിച്ചത്? കഷ്ടം! അടുക്കളച്ചുമരുകൾക്കുള്ളിൽ കരിയും പുകയും പിടിച്ചു കിടക്കുന്ന പെണ്ണുങ്ങൾക്കു പോലുമറിയാമല്ലോ ഇത്." *(ഗൗളീജന്മം)*

– ഈ സന്ദർഭത്തിലൂടെ കഥാകാരി വെളിപ്പെടുത്തുന്ന വിമർശനം വിശകലനം ചെയ്യുക. (5)

### ■ വിലയിരുത്തൽ സൂചകം

- ആശയം ഗ്രഹിച്ചിട്ടുണ്ട്. (2)
- സ്വന്തമായ നിരീക്ഷണങ്ങൾ ഉണ്ട് (2)
- ഉചിതമായി ആവിഷ്കരിച്ചിട്ടുണ്ട് (1)

*(സ്കോർ: 5, സമയം : 7 മിനിറ്റ്)*

## പഠനനേട്ടം

മലയാളത്തിലെ സ്ത്രീപക്ഷരചനകളിലെ സാമൂഹിക വിമർശന തലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

കൂട്ടുകാരോടു കൂടി വട്ടത്തിലിരുന്നു കളിച്ചു
സ്ലേറ്റിലൊക്കെയും വട്ടം വരച്ചു
രാവിൽ നടന്നപ്പോൾ ചന്ദ്രനെക്കൂട്ടി
...............................................................

പിന്നെ അവൾക്കു ചുറ്റും വട്ടം വരയ്ക്കപ്പെട്ടു. *(പാവാട - എസ്. ജോസഫ്)*

ഈ കവിതയിലെ ആശയവും 'ഗൗളീജന്മ'ത്തിലെ പെൺകുട്ടിയുടെ ജീവിതാവസ്ഥയും തമ്മിൽ സമാനതയുണ്ടോ? വിശദമാക്കുക (5)

### ■ വിലയിരുത്തൽ സൂചകം

- ആശയം ഗ്രഹിച്ചിട്ടുണ്ട്. (3)
- താരതമ്യം ചെയ്തിട്ടുണ്ട്. (2)

*(സ്കോർ: 5, സമയം : 7 മിനിറ്റ്)*

## പഠനനേട്ടം

മലയാളത്തിലെ സ്ത്രീപക്ഷകഥകളിലെ സാമൂഹ്യവിമർശനതലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

"നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏതു പെൺഗൗളിക്കും കഴിയും. പക്ഷേ ഇതു ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്ന് എനിക്കറിയേണ്ടതുണ്ട്."

- പെൺഗൗളിയുടെ ഈ വാക്കുകൾ മുന്നോട്ടുവെക്കുന്ന സ്ത്രീസങ്കൽപ്പം എന്ത്? 'ഗൗളീജന്മം' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക (8)

■ **വിലയിരുത്തൽ സൂചകം**

- ആശയങ്ങൾ കണ്ടെത്തുന്നതിന് (3)
- വിശകലനം ചെയ്യുന്നതിന് (3)
- ഉചിതമായ ആവിഷ്കരണത്തിന് (2)

*(സ്കോർ: 8, സമയം: 20 മിനിറ്റ്)*

**പഠനനേട്ടം**

മലയാള കവിതയിലെ സാമൂഹ്യവിമർശനതലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

"നിയമംനിറവേറ്റലെത്രയിദ്ദാമ്പത്യത്തിൽ
നയമെത്രയാണഭിനയമെത്രയാണെന്നും" *(കണ്ണീർപ്പാടം - വൈലോപ്പിള്ളി)*

ഈ വരികളെ ശീലാവതി ചരിതത്തിലെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

■ **വിലയിരുത്തൽ സൂചകം**

- ആശയം ഉൾക്കൊണ്ടിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണം (2)
- ഉചിതമായ ആവിഷ്കാരത്തിന് (1)

*(സ്കോർ 5, സമയം : 10 മിനിറ്റ്)*

**പഠനനേട്ടം**

മലയാളത്തിലെ സ്ത്രീപക്ഷരചനകളിലെ സാമൂഹ്യവിമർശനതലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

"പഴയതലമുറയ്ക്ക് തലയില്ല
പുതിയ തലമുറയ്ക്കു മുറയില്ല" *(കുഞ്ഞുണ്ണി)*

"ഇപ്പോഴത്തെ മനുഷ്യർ തലച്ചോറിനാണ് മുൻതൂക്കം കൊടുക്കുന്നത് ഹൃദയത്തിനല്ല"
*(ഗൗളിജന്മം - ഗ്രേസി)*

- ഒരേ നിരീക്ഷണമാണോ രണ്ട് എഴുത്തുകാരും പങ്കു വയ്ക്കുന്നത്? തന്നിരിക്കുന്ന സാഹിത്യഭാഗങ്ങളെ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക. (5)

■ **വിലയിരുത്തൽ സൂചകം**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- വിശകലനം ചെയ്യുന്നതിന് (2)
- ഉചിതമായ ആവിഷ്കാരത്തിന് (1)

*(സ്കോർ : 5, സമയം 7 മിനിറ്റ്)*

**പഠനനേട്ടം**

സാഹിത്യകൃതികളിലെ ഹാസ്യാംശങ്ങൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നു.

'തേങ്ങ' എന്ന കവിതയിൽ എങ്ങനെയാണ് ഹാസ്യം രൂപം കൊള്ളുന്നത്? കവിത വിശകലനം ചെയ്ത് കുറിപ്പെഴുതുക.

■ **വിലയിരുത്തൽ സൂചകം**

- കവിതയിലെ ആശയം ഗ്രഹിച്ചിട്ടുണ്ട് (2)
- സ്വന്തം നിരീക്ഷണം (2)
- ഉചിതമായ ആവിഷ്കാരം (1)

*സ്കോർ: 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

മലയാള കവിതകളിലെ ഹാസ്യാംശങ്ങൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നു.

❓ താഴെക്കൊടുത്ത കവിതയെ 'തേങ്ങ' എന്ന കവിതയുമായി താരതമ്യം ചെയ്ത് അയുക്തിയിൽ നിന്ന് ഹാസ്യം ജനിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക (6)

"തലയറുത്തുകൊടുത്തു ഞാനൊരു
തൊപ്പി വാങ്ങിച്ചു.
ചെവി ചെത്തിക്കൊടുത്തു ഞാനൊരു
റേഡിയോ വാങ്ങി.
കണ്ണുചൂഴ്ന്നു കൊടുത്തു ഞാനൊരു
വിളക്കു വാങ്ങിച്ചു.
കൈകൾ വെട്ടിക്കൊടുത്തു ഞാനൊരു
വാച്ചു വാങ്ങിച്ചു.
കാൽമുറിച്ചുകൊടുത്തു ഞാനൊരു
ചെരിപ്പു വാങ്ങിച്ചു.
എന്നെത്തന്നെകൊടുത്തു ഞാനൊരു
വീടു വാങ്ങിച്ചു.
തൊപ്പിയുമിട്ട് റേഡിയോവച്ച് വിളക്കുകൊളുത്തി
വാച്ചുകെട്ടിചെരിപ്പുമിട്ട് ഇന്നാവീട്ടിലിരുന്നു ഞാനൊരു
ചെറുകഥ വായിച്ചു.
വായനയില്ലാതായില്ലെന്നതി-
ലെഴുതിയിരിക്കുന്നു. *(വായന-അയ്യപ്പപ്പണിക്കർ)*

■ **വിലയിരുത്തൽ സൂചകം**

- വിശകലനം ചെയ്യുന്നതിന് (2)
- ആശയങ്ങൾ അവതരിപ്പിക്കുന്നതിന് (2)
- ആവിഷ്കാര മികവിന് (2)

*(സ്കോർ: 6, സമയം : 10 മിനിറ്റ്)*

**പഠനനേട്ടം**

സഞ്ചാരസാഹിത്യകൃതികളുടെ സവിശേഷതകളും ഊന്നലുകളും തിരിച്ചറിഞ്ഞ് കുറിപ്പുകൾ തയാറാക്കുന്നു.

❓ തന്നിട്ടുള്ള പദങ്ങളിൽ ഉചിതമായവ തെരഞ്ഞെടുത്തെഴുതി പട്ടിക പൂർത്തിയാക്കുക. (2)

| ബദരി | യമുനോത്രി |
|---|---|
| • | • |
| • | • |

(അലൂമിനിയം ക്യാമ്പ്, ത്രിവേണി സംഗമം, മാനാപാസ്, അസിതമുനി)

■ **വിലയിരുത്തൽ സൂചകം**

| ബദരി | യമുനോത്രി |
|---|---|
| • അലുമിനിയം ക്യാമ്പ് | • ത്രിവേണി സംഗമം |
| • മാനാപാസ് | • അസിതമുനി |

*(സ്കോർ : 2)*

**പഠനനേട്ടം**

സഞ്ചാരസാഹിത്യകൃതികളുടെ സവിശേഷതകളും ഊന്നലുകളും തിരിച്ചറിഞ്ഞ് കുറിപ്പുകൾ തയാറാക്കുന്നു.

? പട്ടാളക്കാരൻ സൂര്യപ്രകാശിന്റെ അനുഭവകഥ സ്വാനുഭവമായി വായനക്കാരനു തോന്നുന്നതെന്തുകൊണ്ട്? 'ബദരിയും പരിസരങ്ങളും' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക. (4)

■ **വിലയിരുത്തൽ സൂചകം**

- വിവരങ്ങൾ അവതരിപ്പിക്കുന്നതിന് (3)
- ആവിഷ്കാരഭംഗിക്ക് (1)

*(സ്കോർ : 4, സമയം: 6 മിനിറ്റ്)*

**പഠനനേട്ടം**

സഞ്ചാരസാഹിത്യകൃതികളുടെ സവിശേഷതകളും ഊന്നലുകളും തിരിച്ചറിഞ്ഞ് കുറിപ്പുകൾ തയാറാക്കുന്നു.

? "എത്ര അത്ഭുതകരം, പ്രകൃതി പ്രതിഭാസങ്ങൾ"
'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്ന പാഠത്തിന്റെ രചയിതാവിനെ ഇപ്രകാരം ചിന്തിക്കാൻ പ്രേരിപ്പിച്ചതെന്ത്? (4)

■ **വിലയിരുത്തൽ സൂചകം**

- ആശയം ഗ്രഹിച്ചിട്ടുണ്ട് (3)
- ഉചിതമായ ഭാഷ (1)

*(സ്കോർ : 4, സമയം : 6 മിനിറ്റ്)*

**പഠനനേട്ടം**

സഞ്ചാരസാഹിത്യകൃതികളുടെ സവിശേഷതകളും ഊന്നലുകളും തിരിച്ചറിഞ്ഞ് കുറിപ്പുകൾ തയാറാക്കുന്നു.

? "ചരിത്രം, ഭൂമിശാസ്ത്രം, സർഗാത്മകത ഇവയുടെ ത്രിവേണീ സംഗമമാണ് സഞ്ചാരസാഹിത്യം" ബദരിയും പരിസരങ്ങളും, യമുനോത്രിയുടെ ഊഷ്മളതയിൽ എന്നീ രചനകളെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത ചർച്ചചെയ്യുക. (8)

■ **വിലയിരുത്തൽ സൂചകം**

- ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട് (4)
- സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട് (2)
- ഉചിതമായ ഭാഷ (2)

*(സ്കോർ : 8, സമയം 20 മിനിറ്റ്)*

4

# മാധ്യമം

## പഠനനേട്ടം

നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക പദാവലികളുടെ ആശയം മനസ്സിലാക്കി ഉചിതമായ സാഹചര്യങ്ങളിൽ പ്രയോഗിക്കുന്നു.

? ഇവിടെ ഒരു ചോദ്യമേ ബാക്കി നിൽക്കുന്നുള്ളൂ- മാധ്യമങ്ങൾ ചെയ്യേണ്ടുന്ന കർത്തവ്യങ്ങൾ അവ ചെയ്യുമോ?' - പി സായ് നാഥ് ഇവിടെ ഊന്നൽ നൽകുന്ന കർത്തവ്യങ്ങളിൽ ഏറ്റവും യോജിച്ചത് താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്നും എടുത്തെഴുതുക (1)

- കൂടുതൽ വാർത്തകൾ ജനങ്ങളിൽ എത്തിക്കുക
- കോർപ്പറേറ്റൈസേഷന്റെ പരിമിതികളെ മറികടക്കുക
- മറ്റു മാധ്യമങ്ങൾക്കു മുൻപേ നടക്കുക.
- സമൂഹത്തിന്റെ ദുർബലതകൾ ചൂണ്ടിക്കാട്ടുക

### ■ വിലയിരുത്തൽ സൂചകം

- സമൂഹത്തിന്റെ ദുർബലതകൾ ചൂണ്ടിക്കാട്ടുക (1)

*(സ്കോർ : 1)*

## പഠനനേട്ടം

മാധ്യമങ്ങൾ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.

? സാമൂഹിക സമ്പർക്കമാധ്യമങ്ങളുടെ സമീപകാലമുന്നേറ്റത്തെ സഹായിച്ച ഘടകം താഴെ തന്നിരിക്കുന്നവയിൽ ഏതാണ്? (1)

- കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങളുടെ വിലക്കുറവ്
- മൊബൈൽ ഇന്റെർനെറ്റിന്റെ വ്യാപനം
- പത്രമാസികാദികളുടെ പ്രചാരം
- തൊഴിൽ സാധ്യതകളുടെ വർദ്ധനവ്

### ■ വിലയിരുത്തൽ സൂചകം

- മൊബൈൽ ഇന്റെർനെറ്റിന്റെ വ്യാപനം (1)

*(സ്കോർ : 1)*

## പഠനനേട്ടം

നവമാധ്യമങ്ങളുടെ സാധ്യത കണ്ടെത്തി പ്രയോജനപ്പെടുത്തുന്നു.

❓ പട്ടിക പൂർത്തിയാക്കുക (2)

| പരമ്പരാഗത മാധ്യമങ്ങൾ | സാമൂഹിക മാധ്യമങ്ങൾ |
|---|---|
| • എഡിറ്റർക്ക് പ്രാധാന്യം | • എഴുത്തുകാരന് പ്രാധാന്യം |
| • | • |
| • | • |

■ **വിലയിരുത്തൽ സൂചകം**

- സവിശേഷതകൾ എഴുതിയിട്ടുണ്ട് (2)

*(സ്കോർ : 2)*

**പഠനനേട്ടം**

റിപ്പോർട്ട്, എഡിറ്റിങ്ങ്, ഫീച്ചർ, മുഖപ്രസംഗം തുടങ്ങിയവയിൽ പ്രായോഗിക പരിചയം നേടുന്നു.

❓ **താഴെക്കൊടുത്ത വാർത്ത എഡിറ്റ് ചെയ്ത് തലക്കെട്ട് നൽകുക.** (4)

തിരുവനന്തപുരം: കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലഹരിവിരുദ്ധദൗത്യം 'വിമുക്തി' യുടെ ഭാഗമാകാൻ ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറും. മദ്യം, മയക്കുമരുന്ന് എതിരായ പദ്ധതിയാണ് വിമുക്തി. ലഹരിയുടെ അപകടത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുതകുന്ന ബോധവൽക്കരണ പരിപാടികളിലാണ് സച്ചിന്റെ സാന്നിധ്യമുണ്ടാവുക. സാംസ്കാരിക പ്രസ്ഥാനങ്ങളും കുടുംബശ്രീയുടെയും സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുക.

■ **വിലയിരുത്തൽ സൂചകം**

- തലക്കെട്ട് (1)
- തെറ്റുകൾ തിരുത്തിയിട്ടുണ്ട് (3)

*(സ്കോർ : 4 സമയം: 5 മിനിറ്റ്)*

**പഠനനേട്ടം**

വിവിധ മാധ്യമങ്ങൾക്ക് യോജിക്കുന്ന വിധത്തിൽ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെ രചന നിർവഹിക്കുന്നു.

❓ താഴെക്കൊടുത്ത വിവരങ്ങളിൽനിന്ന് ആവശ്യമായവ ഉപയോഗിച്ച് ഒരു പത്രവാർത്ത തയാറാക്കുക. (5)

- മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗം
- സൗരോർജമുപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷ
- മുകളിലും വശങ്ങളിലും സോളാർ പാനൽ
- അന്തരീക്ഷ മലിനീകരണമില്ല
- ബാറ്ററിയിൽ ചാർജ് ശേഖരിക്കും
- മണിക്കൂർ ചാർജ് ചെയ്താൽ 80 കിലോമീറ്റർ ഓടും
- വൈദ്യുതി ഉപയോഗിച്ചും ചാർജ് ചെയ്യാം
- അഞ്ചുപേർക്ക് സഞ്ചരിക്കാം
- കിലോമീറ്ററിന് ചെലവ് 20 പൈസ
- വില ഒന്നേകാൽ ലക്ഷം
- ഇന്ത്യയിൽ ഏഴ് സംസ്ഥാനങ്ങളിൽ ഇവ ഓടുന്നുണ്ട്
- കേരളത്തിൽ ആദ്യമായി കൊച്ചിയിൽ നിരത്തിലിറങ്ങി

■ **വിലയിരുത്തൽ സൂചകം**

- ശീർഷകം (1)
- പത്രവാർത്താഘടന (2)
- ഭാഷാമികവ് (2)

*(സ്കോർ : 5, സമയം : 7 മിനിറ്റ്)*

**പഠനനേട്ടം**

വിവിധ മാധ്യമങ്ങൾക്ക് യോജിക്കുന്ന വിധത്തിൽ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ രചന നിർവഹിക്കുന്നു.

? "യാതൊരു തെറ്റിദ്ധാരണയ്ക്കും പഴുതില്ലാത്ത വിധത്തിൽ വ്യക്തവും ശക്തവും ശുദ്ധവുമായിരിക്കണം മാധ്യമങ്ങളിലെ ഭാഷാരീതി" - *(ഡോ.വി.ആർ. പ്രബോധചന്ദ്രൻ).*

ഈ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ താഴെക്കൊടുത്ത പത്രവാർത്താഭാഗത്തിന്റെ അപാകതയെന്തെന്ന് വിശദീകരിച്ച് വാക്യം ശരിയാക്കുക. (2)

*ഹർത്താൽ ദിവസം പോലീസിന്റെ സഹായത്തോടെ രോഗിയായ വൃദ്ധനെ ആശുപത്രിയിലെത്തിച്ചു.*

■ **വിലയിരുത്തൽ സൂചകം**


- തെറ്റ് തിരുത്തിയിട്ടുണ്ട് (1)
- ഉചിതമായി വിശദീകരിച്ചിട്ടുണ്ട് (1)


*(സ്കോർ : 2)*

**പഠനനേട്ടം**

മാധ്യമങ്ങളിലെ വാർത്തകളും കാർട്ടൂണുകളും മറ്റും വിമർശനപരമായി വിലയിരുത്തുന്നു.

? താഴെകൊടുത്ത കാർട്ടൂണിന് അടിക്കുറിപ്പെഴുതി വ്യാഖ്യാനിക്കുക. (അരപ്പുറം)




■ **വി**

- അനുയോജ്യമായ അടിക്കുറിപ്പ് (2)
- ഉചിതമായ വ്യാഖ്യാനം (2)

*(സ്കോർ : 4, സമയം : 5 മിനിറ്റ്)*

**പഠനനേട്ടം**

നേടിയ കഴിവുകൾ പുതിയ സാഹചര്യത്തിൽ പ്രയോഗിക്കുന്നതിന്.

? നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ട ഏതെങ്കിലും സാമൂഹികപ്രശ്നം പൊതുജനങ്ങളിൽ എത്തിക്കുന്ന

തിനായി പത്രാധിപർക്ക് ഒരു കത്തെഴുതുക. (6)

ഉദാ: തെരുവു നായശല്യം

വാഹനങ്ങളുടെ അമിതവേഗം

റോഡരികിൽ വലിച്ചെറിയുന്ന മാലിന്യം

■ **വിലയിരുത്തൽ സൂചകം**

- കത്തിന്റെ ഘടന (2)
- ഉള്ളടക്കത്തിന്റെ മികവ് (4)

*(സ്കോർ 6, സമയം 7 മിനിറ്റ്)*

**പഠനനേട്ടം**

അഭിരുചികൾക്കനുസരിച്ച് സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന്.

‘കമ്പ്യൂട്ടറിലൂടെ വരുന്ന സന്ദേശങ്ങളിൽ കൈയൊപ്പുണ്ടാകില്ല. നാടിന്റെയും വീടിന്റെയും പേരില്ലാത്ത മേൽവിലാസങ്ങളും കൈയൊപ്പില്ലാത്ത സന്ദേശങ്ങളും’

- കൈയൊപ്പില്ലാത്ത സന്ദേശം

തപാലിന്റെ സ്ഥാനത്തേക്ക് ഇമെയിൽ വന്നപ്പോഴുണ്ടായ മാറ്റത്തെയാണല്ലോ നോവലിസ്റ്റ് സൂചിപ്പിക്കുന്നത്. വാർത്താവിനിമയരംഗത്ത് വന്ന മാറ്റത്തെക്കുറിച്ച് നിങ്ങളുടെ സ്വന്തം നിരീക്ഷണം ഉൾപ്പെടുത്തി ലോക തപാൽ ദിനത്തിൽ സ്കൂൾ അസംബ്ലിയിൽ നടത്താനുള്ള പ്രഭാഷണം തയാറാക്കുക. (8)

■ **വിലയിരുത്തൽ സൂചകം**

- ഉള്ളടക്കത്തിന്റെ മികവ് (4)
- ഭാഷാപരമായ മികവ് (2)
- പ്രഭാഷണ ശൈലി (2)

*(സ്കോർ 8, സമയം 20 മിനിറ്റ്)*

**പഠനനേട്ടം**

റിപ്പോർട്ടിങ്ങ്, ഫീച്ചർ, മുഖപ്രസംഗം എന്നിവയിൽ പ്രായോഗിക പരിചയം നേടുന്നു.

‘ഫെയ്സ്ബുക്ക് ആയിരിക്കരുത് ഫെയ്സ് ദ ബുക്ക് (പുസ്തകത്തെ അഭിമുഖീകരിക്കുക) എന്നതായിരിക്കണം വിദ്യാർഥികളുടെ മുഖ്യപരിഗണന’

- ഈ അഭിപ്രായത്തെ മുൻനിർത്തി സാമൂഹിക മാധ്യമങ്ങളുടെ കാലത്തെ വായനയെക്കുറിച്ച് വായനദിനത്തിൽ പ്രസിദ്ധീകരിക്കാവുന്ന ഒരു മുഖപ്രസംഗം തയാറാക്കുക.

(8)

■ **വിലയിരുത്തൽ സൂചകം**

- വിഷയത്തെക്കുറിച്ചുള്ള അവബോധത്തിനും സാമൂഹികവീക്ഷണത്തിനും (2)
- അപഗ്രഥനവും നിഗമനവും അവതരിപ്പിക്കുന്നതിന് (4)
- മുഖപ്രസംഗത്തിന്റെ ശൈലിക്ക്/ഭാഷാമികവിന് (2)

*(സ്കോർ 8, സമയം 20 മിനിറ്റ്)*

**പഠനനേട്ടം**

- നിത്യജീവിത വിനിമയങ്ങളിൽ വിവരസാങ്കേതിക വിദ്യയും സൈബർ സംസ്കാരവും ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കി കുറിപ്പ് തയാറാക്കുന്നു.

'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന പാഠഭാഗത്തെ ടി.പി. ശ്രീധരന്റെ ജീവിതവും ചുവടെ കൊടുത്ത കഥയിലെ നായകന്റെ ജീവിതവും തമ്മിൽ എന്തെങ്കിലും സാദൃശ്യമുണ്ടോ? പരിശോധിച്ച് കുറിപ്പെഴുതുക. (8)

## ദൈവത്തിന്റെ നാട്

അയാൾ ഒരു സാധുവായിരുന്നു. അതുകൊണ്ട് ഒരുപാട് സ്വപ്നങ്ങൾ ഉള്ളവനായി ജീവിച്ചു. സമയബോധം ടി.വി. സീരിയലുകളിൽക്കൂടിയാണ് ലഭിച്ചിരുന്നത്. ഉറക്കം, ഉണർവ്, ചായ, ആഹാരം, നീഹാരം എല്ലാം സീരിയലുകളുടെ സമയവുമായി ബന്ധിപ്പിച്ചിരുന്നു. തലച്ചോറിനുള്ളിൽ വെളിച്ചം കൊടുത്തിരുന്നത് പരസ്യവാചകങ്ങളാണ്. അവയുടെ താളവും സ്വരവും അയാളുടെ ബോധവും അറിവുമായി. ഒന്നെടുത്താൽ ഒന്ന് ഫ്രീ എന്ന പരസ്യവാചകം കണ്ടാണ് കല്യാണത്തിന് തയാറായത്. മടുത്തപ്പോൾ പഴയതിനുപകരം പുതിയത് എന്ന പരസ്യത്തിൽ ആകൃഷ്ടനായി. പഴയതു വാങ്ങാൻ വന്നവർക്ക് ആദ്യം പഴയ അച്ഛനെയും അമ്മയെയും വിറ്റു. തേയ്മാനം കുറവായതുകൊണ്ടും നല്ല വില കിട്ടിയതുകൊണ്ടും കുടുംബത്തെയും വിറ്റു. ഇപ്പോൾ കേരളം എന്ന ദേശത്ത് പ്രത്യേക ജോലിയൊന്നുമില്ലാതെ, പുതിയ പരസ്യവാചകങ്ങളുടെ സാധ്യതയിൽ വിശ്വസിച്ച് ടിവിയുടെ മുമ്പിലിരിക്കുന്നു.

*(ഐസക് ഈപ്പൻ)*

### ■ വിലയിരുത്തൽ സൂചകം

- താരതമ്യപ്പെടുത്തിയിട്ടുണ്ട് (4)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)
- ഭാഷാമികവ് പുലർത്തിയിട്ടുണ്ട് (2)

*(സ്കോർ 8, സമയം 20 മിനിറ്റ്)*

### പഠനനേട്ടം

ആശയ പ്രചരണാർഥം ലഘുലേഖകൾ, ബ്രോഷറുകൾ, പോസ്റ്ററുകൾ, കാര്യപരിപാടികൾ എന്നിവ തയാറാക്കുക.

നവമാധ്യമങ്ങൾക്ക് ഉപയോഗമെന്നപോലെ ദുരുപയോഗവുമുണ്ടല്ലോ. അവയെക്കുറിച്ച് പുതുതലമുറയെ ബോധവൽക്കരിക്കാനുതകുന്ന ഒരു ലഘുലേഖ തയാറാക്കുക. (6)

### ■ വിലയിരുത്തൽ സൂചകം

- ഉള്ളടക്കത്തിന്റെ മികവ് (2)
- ലഘുലേഖയുടെ ഘടന (2)
- ഭാഷാപരമായ മികവ് (2)

*(സ്കോർ 6, സമയം 10 മിനിറ്റ്)*

### പഠനനേട്ടം

നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക പദാവലികളുടെ ആശയം മനസ്സിലാക്കി ഉചിതമായ സാഹചര്യങ്ങളിൽ പ്രയോഗിക്കുന്നു.

താഴെ കൊടുത്തിട്ടുള്ള വാക്യങ്ങൾ വിശകലനം ചെയ്ത്, സാങ്കേതികകാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഭാഷയിൽ വരുത്തേണ്ടതുണ്ടോ? കുറിപ്പ് തയാറാക്കുക. (4)

*ഷില്ലിംഗ് ഫോർഡിനെ ബാക്ക്ഫൂട്ടിൽ ഇറങ്ങി പോയിന്റിലൂടെ ബൗണ്ടറി.'*

*'യൂണിക്കോഡ് മലയാളം ഉപയോഗിച്ചുകൊണ്ടുള്ള ആർഗ്യുമെന്റുകൾ സോഷ്യൽ മീഡിയത്തെ ഒഴിവാക്കാനാവാത്ത മാധ്യമവ്യൂഹമായി മാറ്റിക്കഴിഞ്ഞു. ഫിഫ്ത് എസ്റ്റേറ്റ് എന്ന വിളിപ്പേരിനു കാരണമിതാണ്.'*

■ **വിലയിരുത്തൽ സൂചകം**

- വാക്യങ്ങൾ വിശകലനം ചെയ്ത് പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട് (2)
- സ്വന്തമായ നിഗമനങ്ങൾ ഉണ്ട് (2)

*(സ്കോർ : 4, സമയം : 5 മിനിറ്റ്)*

**പഠനനേട്ടം**

വിവരസാങ്കേതികവിദ്യയുടെ സ്വാധീനഫലമായി രൂപപ്പെടുന്ന സർഗാത്മകരചനകൾ നിരൂപണം ചെയ്യുന്നു.

‘ ചുവടെ കൊടുത്തിരിക്കുന്ന കവിതകളിലെ ആശയം വിശദീകരിച്ച് പുതിയ സാങ്കേതിക വിദ്യകൾ സർഗാത്മകകൃതികളിൽ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി ഒരു ഉപന്യാസം തയാറാക്കുക. (8)

**ടച്ച് സ്ക്രീൻ**

തഴമ്പുള്ള വിരലായിട്ടും എത്ര ഞെക്കിയിട്ടും പ്രവർത്തിക്കുന്നില്ല
ടച്ച് സ്ക്രീനാണച്ഛാ മെല്ലെ അമർത്തിയാൽ മതി
അമർത്തുകയും വേണ്ട, ഒന്നു തൊട്ടാൽ മതി
ശരിക്കു പറഞ്ഞാൽ തൊടുകയും വേണ്ട,
ദാ ഇങ്ങനെ.

അവന്റെ വിരൽ ജലത്തിനു മീതെ ക്രിസ്തുവിനെപോലെ ചരിച്ചു
ഇച്ഛയ്ക്കൊപ്പം ലോകം പരിവർത്തിക്കുന്നു **(കല്പറ്റ നാരായണൻ)**

**റിങ് ടോൺ**

“ഇന്നലെ ഞാൻ നിനക്കൊരു എസ്.എം.എസ് അയച്ചിരുന്നു
കിട്ടിയോ?”

“ഓ, ഒരു റിങ്ടോൺ അല്ലേ
ഞാൻ അതപ്പോഴേ ഡിലീറ്റ് ചെയ്തു.”
“അയ്യോ അതെന്റെ
ഹൃദയമിടിപ്പുകളായിരുന്നു.” **(മോഹനകൃഷ്ണൻ കാലടി)**

■ **വിലയിരുത്തൽ സൂചകം**

- കവിതകളിലെ ആശയം കണ്ടെത്തിയിട്ടുണ്ട് (2)
- കവിതയിലെ സൂചനകളുമായി ബന്ധപ്പെടുത്തി വിശദീകരിച്ചിട്ടുണ്ട് (2)
- സ്വന്തമായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (2)
- ഉചിതമായ അവതരിപ്പിച്ചിട്ടുണ്ട് (2)

*(സ്കോർ : 8, സമയം : 20 മിനിറ്റ്)*